മാതൃഭൂമി

പ്രസിദ്ധീകരണം

# ആകാശപ്പച്ച

## പച്ചപ്പുകൊണ്ട് മറയണം ആകാശ നീലിമ



# Biosfear

## A crucial mistake

മാതൃഭൂമി സീഡ് വിദ്യാർഥികളുടെയും
അധ്യാപകരുടെയും പ്രകൃതിസൗഹൃദ
നിലപാടുകൾക്ക് ഒരു ഡിജിറ്റൽ ഇടം

MATHRUBHUMI SEED
DIGITAL NATURE MAGAZINE
Leaf - 39 December 2024



# ആകാശപ്പച്ച

## CONTENTS


എഡിറ്റോറിയൽ
Page 4

കാട്ടിലെക്കാര്യം
Page 5

കേരളം അറിയാൻ
Page 6

ചിറകുള്ള ചങ്ങാതിമാർ
Page 7

ഈ ഫോട്ടോ കാണാം
Page 8

കൃഷിക്കാര്യം
Page 9

സിനിമാപാട്ടിലെ പ്രകൃതി
Page 10

ഇത് അതിശയം തന്നെ
Page 11

തെറ്റ് ശരി
Page 12

ലോകം എങ്ങനെ
Page 13

പൂവറിവ്
Page 14

വർണച്ചിറക്
Page 15-16


Cover photo: Freepic

# RED ALERT

## Global Nature Conservation Index 2024

പരിസ്ഥിതിസംരക്ഷണപട്ടികയിൽ
ആകെ 180 രാജ്യങ്ങൾ

ഇന്ത്യ **176** -ാം സ്ഥാനത്ത്!

എഡിറ്റോറിയൽ

# വീണ്ടും ഓർമപ്പെടുത്തൽ

2024-ലെ ആഗോള പ്രകൃതിസംരക്ഷണസൂചികയിൽ 176-ാംസ്ഥാനത്താണ് ഇന്ത്യ. 180 രാജ്യങ്ങളുള്ള പട്ടികയിൽ ഇന്ത്യയ്ക്കുതാഴെ മൈക്രോനേഷ്യ (177), ഇറാഖ് (178), തുർക്കി (179), കിരിബാത്തി (180) എന്നീ രാജ്യങ്ങൾമാത്രമേയുള്ളൂ. കാര്യക്ഷമമല്ലാത്ത ഭൂപരിപാലനവും വർധിച്ചുവരുന്ന ജൈവവൈവിധ്യഭീഷണിയുമാണ് ഇന്ത്യയുടെ നില ഇത്രയും താഴ്ന്നനിലയിലാവാൻ കാരണം. വിശദവിവരങ്ങൾ നോക്കിയാൽ പകുതിയിലധികം ഭൂമി നഗര, വ്യാവസായിക, കാർഷികേതര ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതായി കാണാം. കീടനാശിനിപ്രയോഗംമൂലം മണ്ണ് അമിതമായി മലിനീകരിക്കപ്പെടുകയും ചെയ്യുന്നു. ദേശീയജലപാതകളുടെ 0.2% മാത്രമേ സംരക്ഷിക്കപ്പെടുന്നുള്ളൂ. ഏറ്റവും കൂടുതൽ അനധികൃത വന്യജീവിവ്യാപാരം നടക്കുന്ന രാജ്യങ്ങളിൽ നാലാംസ്ഥാനത്താണ് ഇന്ത്യ. ഇന്ത്യയുടെ പാരിസ്ഥിതികസമ്പത്ത് സംരക്ഷിക്കാൻകഴിയാത്തതിന്റെ പ്രധാന കാരണമായി പറയുന്നത് ഭൂവിസ്തൃതിക്ക് താങ്ങാനാവുന്നതിലും വളരെയധികമായ ജനസംഖ്യയാണ്. പരിസ്ഥിതിസംരക്ഷണത്തിൽ നമ്മൾ ഓരോരുത്തരും എത്രത്തോളം ജാഗ്രതയോടെ പെരുമാറണമെന്ന് വീണ്ടും ഓർമപ്പെടുത്തുന്നതാണ് ഈ റിപ്പോർട്ട്.





# ഇല പൊഴിയുന്നതിന്റെ പൊരുൾ

കാടുകൾ നിത്യഹരിതങ്ങൾമാത്രമല്ല, ഇലപൊഴിയലിന്റെ മനോഹാരിതയും ചില കാടുകൾക്കുണ്ട്. മരങ്ങൾ ഇലപൊഴിക്കുന്നതിന്റെ പൊരുളറിയുമോ? സ്വയരക്ഷയ്ക്കുള്ള ഉപായമാണത്. സ്വേദനത്തിലൂടെ വലിയതോതിൽ നഷ്ടമാവുന്ന ജലാംശത്തിന്റെ അളവ് കുറയ്ക്കാൻ ഇലപൊഴിയൽ ഒരു ഉപാധിയാക്കുകയാണ് മരങ്ങൾ ചെയ്യുന്നത്. മണ്ണിൽ വീണ് ജീർണിക്കുന്ന ഇലകൾ പിന്നീട് വളമായി അവയ്ക്ക് സ്വയംപുഷ്ടിക്കുള്ള വഴിയൊരുക്കുന്നു. പലപ്പോഴും കാട്ടിലെ വൃക്ഷങ്ങൾ അവയുടെ ഇലപൊഴിയൽ അവസരങ്ങളിൽതന്നെ നിറയെ പുഷ്പിക്കാറുമുണ്ട്. ഇലകളില്ലാത്ത ഈ മരങ്ങളെ വ്യത്യസ്ത വർണങ്ങളിലുള്ള മനോഹരങ്ങളായ പൂക്കൾ കൂടുതൽ സുന്ദരമാക്കിമാറ്റുന്നു. ഷഡ്പദങ്ങൾവഴിയുള്ള പരപരാഗണം വർധിക്കാൻ ഇലകളില്ലാത്ത അവസ്ഥ അനുഗ്രഹമാണ്!

ശ്രീലേഖ കെ.പി.
സീഡ് കോർഡിനേറ്റർ
എ.യു.എ.യു.പി.എസ്. നെല്ലിക്കുന്ന്
കാസർകോട്



# കേരളത്തിന്റെ കാലാവസ്ഥാമാറ്റം

ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളത്തിൽ ഈയിടെയായി വരുന്ന പ്രകൃതിദുരന്തങ്ങൾ ഏവരെയും പേടിപ്പിക്കുന്നതാണ്. കേരളത്തിൽ കാലങ്ങളായി നാം അനുഭവിച്ചുപോരുന്ന കാലാവസ്ഥാസുരക്ഷിതത്വം നഷ്ടമായിക്കഴിഞ്ഞു. ഇന്ത്യൻ സമുദ്രമേഖലയിൽ വന്ന സമുദ്രജലതാപവർധന അതിതീവ്ര ചുഴലിക്കാറ്റുകളുടെയും കടൽക്ഷോഭങ്ങളുടെയും എണ്ണം കൂടാൻ കാരണമായിട്ടുണ്ട്. ഒരു സീസണിൽ പെയ്യേണ്ട മഴ ചിലപ്പോൾ ഏതാനും ദിവസങ്ങൾകൊണ്ട് പെയ്യുന്ന സ്ഥിതിയുമുണ്ടാകുന്നു. മഴയുടെ അളവിലുണ്ടാകുന്ന ഈ മാറ്റം ഉരുൾപൊട്ടൽ, കടുത്ത വരൾച്ച തുടങ്ങിയ പ്രതിസന്ധികളിലേക്കും കൊണ്ടുചെന്നെത്തിക്കും. കാലാവസ്ഥാമാറ്റങ്ങൾമൂലമുണ്ടാകുന്ന പ്രാദേശിക പാരിസ്ഥിതിക തകർച്ചകളെയും ദുരന്തങ്ങളെയും ഒരളവുവരെ പ്രതിരോധിക്കാൻ പ്രാദേശിക സർക്കാരുകളുടെ ഇടപെടൽകൊണ്ട് സാധിക്കും. അതിന് പാരിസ്ഥിതികവിവേകത്തെ അടിസ്ഥാനപ്പെടുത്തിയ നയരൂപവത്കരണവും ദീർഘവീക്ഷണത്തോടുകൂടിയ ആസൂത്രണവും ആവശ്യമാണ്.

സിജി ജി., സീഡ് കോഡിനേറ്റർ
ധർമസമാജം യു.പി. സ്കൂൾ
കണ്ണൂർ

# വെള്ള വിതറും പറവകൾ



ഉഷ്ണമേഖലാപ്രദേശങ്ങളിൽ ജീവിക്കാനിഷ്ടപ്പെടുന്ന ജലപക്ഷിയാണ് എഗ്രറ്റ് അഥവാ കൊക്ക്. ചെറിയ വ്യത്യാസങ്ങൾമാത്രമുള്ള വിവിധയിനം കൊക്കുകളെ നമ്മുടെ നാട്ടിൽ കാണാം. ഏതാണ്ട് ഒരുമീറ്റർവരെ വലുപ്പമുള്ളവയും ഇക്കൂട്ടത്തിലുണ്ട്. വെള്ളയോ ചാരനിറമോ ആണ് മിക്ക ഇനങ്ങൾക്കും. ചുണ്ടിനും കാലിനും നിറവ്യത്യാസങ്ങൾ കാണാം. ഇരിക്കുമ്പോൾ ഇവയുടെ കഴുത്ത് 'S' ആകൃതിയിൽ കാണപ്പെടുന്നു. വംശനാശഭീഷണി നേരിടുന്ന ചില ഇനങ്ങളും കൊക്കുകളുടെ കൂട്ടത്തിലുണ്ട്. ജലാശയങ്ങൾക്കരികിലാണ് എഗ്രറ്റുകളുടെ ആവാസം. ജലജീവികളാണ് ഇവയുടെ ഇഷ്ടഭക്ഷണം. ശബ്ദമുണ്ടാക്കാതെ ഇരപിടിക്കാൻ വിദഗ്ധരായ ഇവ തവള, പാമ്പ്, എലി തുടങ്ങിയ ജീവികളെയും ഭക്ഷണമാക്കാറുണ്ട്.

കെ.ആർ. റിതിക, ക്ലാസ്-൯
എസ്.വി.എച്ച്.എസ്.എസ്. പാണ്ടനാട്
ചെങ്ങന്നൂർ, ആലപ്പുഴ

ഈ ഫോട്ടോ കാണാം

# കാഞ്ഞാർ (ഇടുക്കി)



മലമേലേ തിരിവച്ച്
പെരിയാറിൻ തളയിട്ട്
ചിരിതൂകും പെണ്ണല്ലേ
ഇടുക്കി....

നെഥാൻ വി. വർഗീസ്, ക്ലാസ്-11
ടെക്നിക്കൽ ഹയർ സെക്കൻഡറി സ്കൂൾ
മുട്ടം, ഇടുക്കി



# ചാണക്യന്റെ കൃഷി നിയമങ്ങൾ

ചാണക്യന്റെ അർത്ഥശാസ്ത്രം എന്ന കൃതിയിൽ കാർഷികനിയമങ്ങളും പറയുന്നുണ്ട്. അക്കാലത്ത് കൃഷിസ്ഥലങ്ങളെ കൃതക്ഷേത്രം എന്നും അകൃതക്ഷേത്രം എന്നും രണ്ടായി തിരിച്ചിരുന്നു. കൃഷിക്ക് അനുയോജ്യമാക്കിയ വിളനിലമായിരുന്നു കൃതക്ഷേത്രം. അകൃതക്ഷേത്രങ്ങളെ കൃതക്ഷേത്രങ്ങളാക്കുന്നവർക്ക് ആ ഭൂമിയുടെ അവകാശം ലഭിക്കുമായിരുന്നു. സ്വന്തം കൃഷിഭൂമിയിൽ കൃഷിചെയ്യാത്തവരുടെ സ്ഥലം പിടിച്ചെടുത്ത് കൃഷിചെയ്യുന്നവർക്ക് നൽകുമായിരുന്നു. ഇനി കൃഷിക്കായി ഭൂമി ഏറ്റുവാങ്ങിയിട്ട് അത് മറ്റെന്തെങ്കിലും ആവശ്യങ്ങൾക്ക് ഉപയോഗിച്ചാൽ ഗവൺമെന്റിന് നഷ്ടപരിഹാരം കൊടുക്കണമായിരുന്നു. വിളവ് വർധിപ്പിക്കുന്നതിനുവേണ്ടി അനുഗ്രഹം എന്ന സഹായധനവും പ്രകൃതിവിപത്തുകളോ മറ്റോ സംഭവിച്ചാൽ പരിഹാരം എന്നപേരിൽ ധനസഹായവും ഭരണാധികാരികൾ കൊടുത്തിരുന്നു. മനപ്പൂർവം കൃഷി നശിപ്പിക്കുന്നവർക്ക് അക്കാലത്ത് അതികഠിനമായ ശിക്ഷയുണ്ടായിരുന്നു. വെള്ളം കെട്ടി നിൽക്കുന്ന പൊതുചിറ വെട്ടിത്തുറക്കുന്നവനെ വെള്ളത്തിൽ മുക്കിക്കൊല്ലുന്നതും മേച്ചിൽസ്ഥലം തീയിട്ട് നശിപ്പിക്കുന്നവനെ തീയിട്ട് കൊല്ലുന്നതും ശിക്ഷാരീതിയായിരുന്നു. ഭരണാധികാരികളും നിയമവും കർഷകരെ എത്രമാത്രം ആദരിച്ചിരുന്നുവെന്ന് ഈ ചരിത്രം നമ്മളെ ഓർമപ്പെടുത്തുന്നു.

ബിന്ദു ആന്റണി , സീഡ് കോർഡിനേറ്റർ
സെന്റ്. ജോസഫ്സ് ഇംഗ്ലീഷ് മീഡിയം സ്കൂൾ
പുത്തനങ്ങാടി, മലപ്പുറം

# പ്രകൃതീശ്വരി നിന്റെ ആരാധകൻ



പ്രകൃതിയെ അത്രമേൽ സ്നേഹിച്ച കവികളുടെ വരികൾ എന്നും മലയാളികൾക്ക് പ്രിയപ്പെട്ടതാണ്. അതിൽ ഏത് ആദ്യം എന്നതിൽ സംശയംവേണ്ട, പ്രിയകവി വയലാറിന്റെ 'കാട് കറുത്ത കാട്, മനുഷ്യനാദ്യം പിറന്ന വീട്...' തന്നെ. അതിനുശേഷം യൂസഫലി കേച്ചേരിയുടെ 'പ്രകൃതീശ്വരി നിന്റെ ആരാധകൻ ഞാനൊരാസ്വാദകൻ...' എന്ന ഗാനം ഏഴുവർണങ്ങളും ചാലിച്ച പ്രകൃതിയുടെ നിറമാർന്ന വർണനതന്നെയാണ്. ഒ.എൻ.വി.യുടെ 'നീ എൻ സർഗ സൗന്ദര്യമേ...' എന്ന് തുടങ്ങുന്ന ഗാനത്തിലെ 'പൂമാനവും താഴേ ഈ ഭൂമിയും സ്നേഹ ലാവണ്യമേ നിന്റെ ദേവാലയം.' എന്ന ഭാഗം കേരളം ഒരു ദേവാലയംതന്നെയാണെന്ന് ഉറപ്പാക്കുന്നു. ഈ ദേവാലയത്തെ ഒരു കേടുപാടും സംഭവിക്കാതെ നമുക്ക് കാക്കാം. സൂര്യനായ് തഴുകി ഉറക്കമുണർത്തുന്ന അച്ഛനെപ്പോലെയും ഉണ്ണിക്കിടാവിന് നൽകാൻ നെഞ്ചിൽ പാലാഴിയേന്തുന്ന അമ്മയെപ്പോലെയും.

അംബരീഷ് എ. നായർ, ക്ലാസ്-5
പി.എസ്.എൻ.എം.യു.പി.എസ്.
വെളിയന്നൂർ, തിരുവനന്തപുരം

ഇത് അതിശയം തന്നെ



# കണ്ണാടി കാണുന്ന കിളികൾ

എന്നും പുലർച്ചെ എന്റെ മുറിയുടെ ജനാലയിൽ കിളികൾ കൊത്തി ശബ്ദമുണ്ടാക്കുന്നത് ഞാൻ ശ്രദ്ധിച്ചു. അവ എല്ലാദിവസവും ഒരേസമയത്താണ് വരുന്നതെന്ന് ഞാൻ മനസ്സിലാക്കി. മരകൊത്തി, കരിയിലക്കിളി, ബുൾബുൾ, കുരുവികൾ എന്നിവയെല്ലാമാണ് വരുന്നത്. കാരണമെന്തെന്ന് അന്വേഷിച്ചപ്പോഴാണ് കുറേ അതിശയിപ്പിക്കുന്ന കാര്യങ്ങൾ ഞാൻ അറിഞ്ഞത്. മരങ്ങളുടെയും മറ്റും പ്രതിബിംബം ജനാലയിൽ കാണുന്നതുകൊണ്ടാണ് അവ അവിടേക്ക് കയറാൻശ്രമിക്കുന്നത്. കണ്ണാടിയിൽ കാണുന്നത് പ്രതിബിംബമാണെന്ന് മനസ്സിലാക്കാൻ കളികൾക്ക് കഴിയുന്നുണ്ടാവില്ല.

സൂര്യഗായത്രി എൻ.പി.
മാർ ഓഗൻ എച്ച്.എസ്.
കോടനാട്, എറണാകുളം

തെറ്റ് ശരി




# ശുക്രൻ തന്നെ ചൂടൻ!

ബുധൻ സൂര്യനോട് ഏറ്റവും അടുത്തുള്ള ഗ്രഹമായതിനാൽ, സൗരയൂഥത്തിലെ ഏറ്റവും ചൂടേറിയ ഗ്രഹമാണ് ബുധൻ എന്നാണ് പൊതുവേയുള്ള ധാരണ. സൂര്യനിൽ നിന്ന് ബുധനെക്കാൾ അകലെയാണെങ്കിലും സൗരയൂഥത്തിലെ ഏറ്റവും ചൂടേറിയ ഗ്രഹം ശുക്രനാണ്. കാരണം, ശുക്രന് കാർബൺ ഡയോക്സൈഡ് അടങ്ങിയ കട്ടിയുള്ള അന്തരീക്ഷമുണ്ട്. ഇത് ഒരു റൺഎവേ ഹരിതഗൃഹ പ്രഭാവം സൃഷ്ടിക്കുന്നു. അത് താപത്തെ കുടുക്കുകയും അതിന്റെ ഉപരിതല താപനില ഏകദേശം 464° C ആയി ഉയർത്തുകയും ചെയ്യുന്നു.

വിനയ കെ.എച്ച്., അധ്യാപിക
ദേശബന്ധു ഹയർ സെക്കൻഡറി സ്കൂൾ
തച്ചമ്പാറ, മണ്ണാർക്കാട്, പാലക്കാട്



# എന്റെയെന്ന തോന്നൽ

പ്രകൃതി, മനോഹരവും നിഗൂഢവും ആണ്. നമുക്ക് ചുറ്റുമുള്ളതൊന്നും നമ്മുടെതുമാത്രമല്ല, നമുക്കുമാത്രമായുള്ളതുമല്ല. ഒറ്റയ്ക്ക് നിൽക്കാൻ ഒരു കെൽപ്പുമില്ലാത്ത ജന്തുവർഗങ്ങളിലൊന്നാണ് മനുഷ്യൻ. ബൗദ്ധികമായി വളർച്ചയുള്ളതുകൊണ്ട്, നാളെയെക്കുറിച്ചുള്ള ചിന്തയും ആകാംക്ഷയും ഉള്ളതുകൊണ്ട്, ജീവിക്കാനുള്ള ആവേശംകൊണ്ട് വെട്ടിപ്പിടിക്കാനും കൈകടത്താനും നമ്മൾ വെമ്പൽകൊള്ളുന്നു. നമ്മുടെ ഈ മിടുക്ക് മനോഹരമായ പ്രകൃതിയെ നശിപ്പിക്കുന്നതാണ്. അപ്പോഴാണ് എന്തിനാണ് പരിസ്ഥിതിസംരക്ഷണം? എങ്ങനെ സംരക്ഷിക്കണം? എന്നീ ചോദ്യങ്ങൾ നമ്മൾതന്നെ ഉയർത്തുന്നത്. പൊന്നുപോലെ... വിലപിടിപ്പുള്ളത്, പ്രാണനോളം സംരക്ഷിക്കണം എന്ന തിരിച്ചറിവിൽ കാവലാളായി നിൽക്കണം നമ്മളോരോരുത്തരും.

ആഷ്‌ലി വി. തോമസ്
സീഡ് ടീച്ചർ കോഡിനേറ്റർ
സി.എം.എസ്. കോളേജ് എച്ച്.എസ്.
ചുങ്കം, കോട്ടയം



പൂവറിവ്

# ജിമിക്കി ചെമ്പരത്തി

സാധാരണ ചെമ്പരത്തിപ്പൂക്കളെപ്പോലെയല്ല ഈ മിടുക്കി. ജിമിക്കിയെ അനുസ്മരിപ്പിക്കുന്ന ആകൃതി. പൂക്കളിൽ ചുവന്ന വരകൾ തെളിഞ്ഞുകാണാം. ഇലകൾ പരന്ന് വെണ്ട ഇലകൾപോലെയാണ്. ശാഖോപശാഖകളായി വളർന്ന് പൂമൊട്ടുകളും പൂക്കളുമായി നിൽക്കുന്ന ഉദ്യാനസസ്യമാണ് ഇത്. തണ്ടുകൾ മുറിച്ചുനട്ട് പുതിയ സസ്യങ്ങൾ ഉണ്ടാക്കാം. ഇലകൾ താളിയായി ഉപയോഗിക്കാം. അബുട്ടിലോൺ പിക്റ്റം എന്നാണ് ഇതിന്റെ ശാസ്ത്രീയ നാമം.

ദേവിക എസ്. പോറ്റി
സീഡ് കോഡിനേറ്റർ
ജി.യു.പി.എസ്. കുമാരനല്ലൂർ
കോട്ടയം

# വർണ്ണപ്പുതപ്പ്



വർണപ്പുതപ്പ് വിരിച്ചിട്ട്
ഏഴുനിറങ്ങൾ ചാർത്തീട്ട്
മാനത്തങ്ങനെ നിൽപ്പുണ്ടേ
കാണുന്നോർക്കത് ചേലാണ്
കൗതുകമേറും കുഞ്ഞുങ്ങൾ
കയ്യും ചൂണ്ടി നിൽപ്പുണ്ടേ
തൊടുവാൻ മോഹം തോന്നുന്നു
തൊടുവാൻ വേറെ വഴിയില്ല
വർണപ്പുതപ്പ് വിരിച്ചിട്ട്
ഏഴുനിറങ്ങൾ മാനത്ത്.



അർവ ഫാത്തിമ, ക്ലാസ്-5
കാവുംവട്ടം മുസ്‌ലിം യു.പി. സ്കൂൾ
കൊയിലാണ്ടി, കോഴിക്കോട്

# മഞ്ചാടിക്കാട്ടിലെ ചക്കരമാവ്

കിങ്ങിണിപ്പുഴയുടെ തീരത്താണ് മഞ്ചാടിക്കാട്, അവിടെ ഒരു വലിയ ചക്കരമാവുണ്ടായിരുന്നു. ഒരുദിവസം കുറെ മരംവെട്ടുകാർ ആ മാവിന്റെ ചുറ്റും നടന്ന് പരസ്പരം എന്തൊക്കെയോ പറയുന്നുണ്ടായിരുന്നു. ഈ മരം വെട്ടിയാൽ കുറെ പൈസ കിട്ടുമെന്നാണ് അവർ പറഞ്ഞതിൽ പ്രധാന കാര്യം. അവർ പറയുന്നത് കുറച്ച് കുട്ടികൾ കേട്ടു. പ്രിയപ്പെട്ട മരത്തെ കാത്തുരക്ഷിക്കാൻ അവർ തീരുമാനമെടുത്തു. പിറ്റേദിവസം അതിരാവിലെ മരം വെട്ടുകാർ ആയുധങ്ങളുമായി അവിടെയെത്തി. ഇത് കണ്ട പക്ഷികളും അണ്ണാന്മാരും ഉറക്കെ കരയാൻ തുടങ്ങി. കരച്ചിൽ കേട്ട് കുട്ടികൾ ഓടിവന്നു. മരം മുറിക്കരുത് എന്ന് കുട്ടികൾ അവരോട് യാചിച്ചു. കേട്ടഭാവംപോലും നടിക്കാതെ അവർ അവരുടെ പണിയായുധങ്ങൾ മിനുക്കി. ഇത് കണ്ട് കുട്ടികൾ എല്ലാവരും മരത്തിന് ചുറ്റും കൈകൾ കോർത്തുപിടിച്ച് മരംമുറിക്കരുത് എന്ന് അവരോട് പറഞ്ഞു. എത്ര പറഞ്ഞിട്ടും കുട്ടികൾ അവിടെനിന്ന് മാറിയില്ല. പിന്നെ മുതിർന്നവരും കുട്ടികൾക്കൊപ്പം കൂടി. അതോടെ, മരംവെട്ടുകാർ അവിടെനിന്ന് തിരിച്ചുപോയി. കിളികളും അണ്ണാന്മാരും മരത്തിന് മുകളിലും കുട്ടികൾ മരച്ചുവട്ടിലും ശാന്തരായി വിശ്രമിച്ചു.



വൈഗ അനിൽകുമാർ, ക്ലാസ്-7
ഗവ. എച്ച്.എസ്.എസ്. മാരൂർ
പത്തനംതിട്ട

Mathrubhumi Seed

Student Empowerment for Environmental Development

IN PARTNERSHIP WITH FEDERAL BANK

മാതൃഭൂമി

# ആകാശപ്പച്ച

ആകാശപ്പച്ചയിലേക്കുള്ള രചനകളും നിർദേശങ്ങളും akashapacha@mpp.co.in എന്ന വിലാസത്തിലേക്ക് അയക്കാം

വിശദവിവരങ്ങൾക്ക് സീഡ് ജില്ലാ കോ-ഓഡിനേറ്റർമാരോട് സംസാരിക്കാം.

**ഭൂമിയെ നശിപ്പിക്കാതിരിക്കാൻ ഒരേയൊരാൾ വിചാരിച്ചാൽമതി; ആ ഒരാൾ ഞാനാണ് എന്ന തിരിച്ചറിവുണ്ടായാൽ മാത്രം മതി!**

Published by Mathrubhumi Seed